**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1387** **31-10-2019 ൽ മറുപടിക്ക്**

**പാട്ടക്കുടിശ്ശിക**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ടി.ബൽറാം | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ടക്കുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പാട്ടം റദ്ദ് ചെയ്ത് അവ സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; അറിയിക്കാമോ; | (എ) | പാട്ടക്കുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പാട്ടക്കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കേണ്ട തുക എത്രയാണെന്ന് കണക്കാക്കുകയും, 2019-20, വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്തുത പാട്ടക്കുടിശ്ശിക അടയ്ക്കുവാൻ പാട്ട കക്ഷികൾക്ക് ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിക്കുകയും ആയത് സർക്കാരിന്റെ സജീവ പരിഗണനയിൽ ഉള്ള വിഷയവുമാണ്. ഇത്തരത്തിൽ പാട്ടക്കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ/ സംഘടനകൾ/ വ്യക്തികൾ എന്നിവയുടെ പാട്ടക്കുടിശ്ശിക കണക്കാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും, പാട്ടക്കുടിശ്ശിക ഈടാക്കി പാട്ടം പുതുക്കുന്നതിന് നടപടി സ്വീകരിക്കാനും പാട്ടതുക അടവാക്കാത്ത പക്ഷം പാട്ടം റദ്ദ് ചെയ്യുന്നതിനുമുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച് സർക്കാർ വസ്തു വീണ്ടെടുക്കാനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പാട്ടക്കുടിശ്ശിക സംബന്ധിച്ച് ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായി രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ടി കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകിയിട്ടുള്ള പാട്ടം സംബന്ധിച്ച വിശദാംശങ്ങൾ 14 ജില്ലകളിൽ നിന്നും ശേഖരിച്ച് പരിശോധിക്കുകയും ഇത്തരത്തിൽ പാട്ടകുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പക്കൽനിന്നും പാട്ടതുക ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച വരികയാണ്. |
| (സി) പ്രസ്തുത നിർദ്ദേശങ്ങളിൽ എന്ത് തീരുമാനമാണ് ഇതിനകം സ്വീകരിച്ചത്; വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**